# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 634 — 10-03-2015-ൽ മറുപടിക്ക്

**കാസർഗോഡ് മണ്ഡലത്തിൽ പുതുതായി വ്യവസായ സ്ഥാപനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാസർഗോഡ് മണ്ഡലത്തിൽ പുതുതായി വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം മേഖലകളിൽ ; വിശദവിവരം നൽകാമോ ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ഐ.ഡി.സി.യുടെ സഹായത്തോടെ കാസർഗോഡ് മലബാർ ഇസ്പാറ്റ് ലിമിറ്റഡ് എന്ന സ്റ്റീൽ റീ-റോളിംഗ് കമ്പനി ആരംഭിച്ചിട്ടുണ്ട്. ഈ കമ്പനിയുടെ മുതൽമുടക്ക് 19.22 കോടി രൂപയാണ്. ഇതു കൂടാതെ, വാളയാർ സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ നിർമാണം പുരോഗമിക്കുന്നുണ്ട്.<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കണക്ക് പ്രകാരം കാസർഗോഡ് നിയമസഭാ മണ്ഡലത്തിൽപ്പെട്ട വിവിധ പഞ്ചായത്തുകളിൽ 504 സൂക്ഷ്മ ചെറുകിട വ്യവസായ |

സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പട്ടിക ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മരാധിഷ്ഠിതം | - | 80 |
| തുണിത്തരം | - | 27 |
| റബ്ബർ | - | 28 |
| ഭക്ഷ്യമേഖല | - | 32 |
| നിർമ്മാണ മേഖല | - | 132 |
| സർവ്വീസ് മേഖല | - | 205 |
| ആകെ | - | 504 |

**(ബി)** ഇല്ലെങ്കിൽ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാധ്യതകളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വിശദ വിവരം നൽകാമോ ;

**(ബി)** കാസർഗോഡ് ചീമേനിയിൽ വാതകം ഉപയോഗിച്ചുള്ള വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി പഠനം നടത്തിയിരുന്നു. ഇതിന്റെ തുടർ നടപടികൾ നടന്നു കൊണ്ടിരിക്കുന്നു.

പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിലേക്കായി സാദ്ധ്യതാ പഠനത്തിന്റെ ഭാഗമായി പൊട്ടൻഷ്യൽ സർവ്വേ ബ്ലോക്കടിസ്ഥാനത്തിൽ നടത്തുയുണ്ടായി. അതിനെ അടിസ്ഥാനപ്പെടുത്തി സർവ്വേ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

**(സി)** കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്ര ; മറ്റുള്ളവ എത്ര ?

**(സി)** പൊതുമേഖലാ സ്ഥാപനങ്ങളിൽ എച്ച്.എ.എൽ ലാഭത്തിലും, മറ്റൊരു പൊതുമേഖലാ സ്ഥാപനമായ കെ.ഇ.എൽ-ബി.എച്ച്.ഇ.എൽ. നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നത്.

സെക്ഷൻ ഓഫീസർ